# കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - നിർത്തലാക്കിയ കരുനാഗപ്പള്ളി ബ്ലോക്ക് ഓഫീസിൻറെ ഒഴിഞ്ഞുകിടക്കുന്ന പ്രധാന കെട്ടിടം കരുനാഗപ്പള്ളി ഐ.സി.ഡി.എസ് പ്രോജക്ട് ഓഫിസറുടെ ഓഫിസ് പ്രവർത്തിപ്പിക്കുന്നതിന് ഉടമസ്ഥാവകാശം ഗ്രാമവികസന വകുപ്പിൽ നിലനിർത്തിക്കൊണ്ട് താൽകാലികമായി വിട്ടു നൽകുന്നതിന് അനുവാദം നൽകി ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.ഡി.)വകുപ്പ്**

**സ.ഉ.(സാധാ)/2754/2017/ത.സ്വ.ഭ.വ** തിരുവനന്തപുരം,തീയതി, 07/08/2017

പരാമർശം:- ഗ്രാമവികസന കമ്മീഷണറുടെ 25.05.2017-ലെ 7312/എച്ച്&ടി 2/2017/സി.ആർ.ഡി. നമ്പർ കത്ത്

**ഉത്തരവ്**

നിർത്തലാക്കിയ കരുനാഗപ്പള്ളി ബ്ലോക്ക് ഓഫീസിൻറെ ഒഴിഞ്ഞുകിടക്കുന്ന പ്രധാന കെട്ടിടം, ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ തൊടിയൂർ,ആലപ്പാട് എന്നീ ഗ്രാമ പഞ്ചായത്തുകളിലെയും കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലെയും 121 അംഗനവാടികളുടെ പ്രോജക്ട് ഓഫിസറും, ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്, കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ നിർവ്വഹണോദ്യോഗസ്ഥയുമായ കരുനാഗപ്പള്ളി ശിശു വികസന(ഐ.സി.ഡി.എസ്) പ്രോജക്ട് ഓഫിസറുടെ ഓഫിസ് പ്രവർത്തിപ്പിക്കുന്നതിന് വിട്ടു നൽകണമെന്ന ശിശു വികസന പ്രോജക്ട് ഓഫിസറുടെ അപേക്ഷ അനുകൂലമായി പരിഗണിക്കണമെന്ന് പരാമർശം പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചതിൻറെ അടിസ്ഥാനത്തിൽ, നിർത്തലാക്കിയ കരുനാഗപ്പള്ളി ബ്ലോക്ക് ഓഫീസിൻറെ ഒഴിഞ്ഞുകിടക്കുന്ന പ്രധാന കെട്ടിടം, ഉടമസ്ഥാവകാശം ഗ്രാമവികസന വകുപ്പിൽ നിലനിർത്തിക്കൊണ്ട് കരുനാഗപ്പള്ളി ശിശു വികസന പ്രോജക്ട് ഓഫിസറുടെ ഓഫീസിൻറെ പ്രവർത്തനത്തിനായി താൽകാലികമായി വിട്ടു നൽകുന്നതിന് അനുവാദം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനിമോൾ ഡി**

**ഡെപ്യൂട്ടി സെക്രട്ടറി**

1. ഗ്രാമവികസന കമ്മീഷണർ
2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ),കൊല്ലം
3. ശിശു വികസന പദ്ധതി ഓഫീസർ,കരുനാഗപ്പള്ളി
4. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
5. അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
6. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
7. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by SHAJI T R
Date: 2017.08.08 11:12:49 IST
Reason: Approved

സെക്ഷൻ ഓഫീസർ